"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - കൺട്രോളിംഗ് & എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും, വന സംരക്ഷണ വിഭാഗം ജീവനക്കാരുടെയും പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് - ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

**സ.ഉ.(അച്ചടി) നം.14/2026/F&WLD തീയതി,തിരുവനന്തപുരം, 13-03-2026**

---

പരാമർശം:- 1. സ.ഉ.(പി) നം.10/2025/വനം തീയതി 11.04.2025.

2. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 26.02.2026 - ലെ ഇ3-195/2025 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വനം വന്യജീവി വകുപ്പിലെ കൺട്രോളിംഗ് & എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും, വന സംരക്ഷണ വിഭാഗം ജീവനക്കാരുടെയും പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ ഖണ്ഡിക II (2) ൽ, "*വിജിലൻസ് വിഭാഗത്തിലേയ്ക്കുള്ള നിയമനങ്ങൾക്ക് ഇനിപ്പറയുന്ന മാനദണ്ഡങ്ങൾ ബാധകമായിരിക്കുന്നതാണ്. ഗുരുതരമായ അച്ചടക്ക നടപടി നേരിടുന്ന ആളാകരുത്. വനം വകുപ്പിലെ സേവനകാലത്ത് മേജർ പണിഷ്മെന്റിന് വിധേയമായിട്ടുണ്ടാകരുത്. സേവനകാലത്ത് നല്ല ട്രാക്ക് റെക്കോർഡിന് ഉടമായായിരിക്കണം. അച്ചടക്കം, ജോലിയോടുള്ള ആത്മാർത്ഥത, അഭിരുചി തുടങ്ങിയ ഗുണങ്ങൾ ഉള്ള ആളായിരിക്കണം. ഒരിക്കൽ വിജിലൻസ് വിഭാഗത്തിൽ ജോലി ചെയ്താൽ പ്രത്യേക സാഹചര്യങ്ങൾ ഉണ്ടാകാത്തിടത്തോളം അടുത്ത മൂന്ന് വർഷം ടി ജീവനക്കാരനെ വിജിലൻസ് വിഭാഗത്തിൽ പരിഗണിക്കുന്നതല്ല. അതുപോലെ നിലവിൽ ടെറിട്ടോറിയൽ/വൈൽഡ് ലൈഫ് റെയ്ഞ്ചുകളിൽ ജോലി നോക്കുന്ന* ***സംരക്ഷണ വിഭാഗം ജീവനക്കാരെ*** *തൊട്ടടുത്ത 3 വർഷക്കാലയളവിൽ അതേ റെയ്ഞ്ചിന്റെ ചുമതലയുള്ള ഫ്ലൈയിംഗ് സ്ക്വാഡിൽ നിയമിക്കുന്നതല്ല*" എന്ന് ഉത്തരവായിരുന്നു.

2. മേൽപറഞ്ഞ ഉത്തരവിന്റെ ഭാഗത്ത്**സംരക്ഷണ വിഭാഗം ജീവനക്കാർ** എന്ന് പൊതുവായി പരാമർശിക്കുമ്പോൾ സംരക്ഷണ വിഭാഗത്തിലെ മുഴുവൻ തസ്തികകളിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് ബാധകമായി വരുമെന്നതിനാൽ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നടപ്പിലാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ ടി ഉത്തരവിലെ ഖണ്ഡിക II (2) ഭേദഗതി വരുത്തണമെന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (2) പ്രകാരം ശിപാർശ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ശിപാർശയുടെ

അടിസ്ഥാനത്തിൽ, പരാമർശം (1) ഉത്തരവിലെ ഖണ്ഡിക II (2) - നെ ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

*"വിജിലൻസ് വിഭാഗത്തിലേയ്ക്കുള്ള നിയമനങ്ങൾക്ക് ഇനിപ്പറയുന്ന മാനദണ്ഡങ്ങൾ ബാധകമായിരിക്കുന്നതാണ്. ഗുരുതരമായ അച്ചടക്ക നടപടി നേരിടുന്ന ആളാകരുത്. വനം വകുപ്പിലെ സേവന കാലത്ത് മേജർ പണിഷ്മെന്റിന് വിധേയമായിട്ടുണ്ടാകരുത്. സേവനകാലത്ത് നല്ല ട്രാക്ക് റെക്കോർഡിന് ഉടമയായിരിക്കണം. അച്ചടക്കം, ജോലിയോടുള്ള ആത്മാർത്ഥത, അഭിരുചി തുടങ്ങിയ ഗുണങ്ങൾ ഉള്ള ആളായിരിക്കണം. ഒരിക്കൽ വിജിലൻസ് വിഭാഗത്തിൽ ജോലി ചെയ്താൽ പ്രത്യേക സാഹചര്യങ്ങൾ ഉണ്ടാകാത്തിടത്തോളം അടുത്ത മൂന്ന് വർഷം ടി ജീവനക്കാരനെ വിജിലൻസ് വിഭാഗത്തിൽ പരിഗണിക്കുന്നതല്ല. അതുപോലെ നിലവിൽ ടെറിട്ടോറിയൽ/വൈൽഡ് ലൈഫ് റെയിഞ്ചുകളിൽ ജോലി നോക്കുന്ന* ***അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, റേഞ്ച് ഫോറസ്റ്റ് ഓഫീസർ, ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നീ സംരക്ഷണ വിഭാഗം ജീവനക്കാരെ*** *തൊട്ടടുത്ത 3 വർഷക്കാലയളവിൽ അതേ റെയിഞ്ചിന്റെ/ഡിവിഷന്റെ ചുമതലയുള്ള ഫ്ലൈയിംഗ് സ്ക്വാഡിൽ നിയമിക്കുന്നതല്ല".*

*4.* മേൽ ഭേദഗതിയോടെ പരാമർശം (1) ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിൻഹാജ് അലം ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് &
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 13-03-2026 13:16:45
സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു.വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. - യ്ക്ക്